ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, തൊഴിലുറപ്പ് പദ്ധതിയിൽ വേതനം കിട്ടാത്ത ആളുകൾക്ക് ഈ ഉത്തരവ് വന്നതിനുശേഷം ജോലിയെടുത്തിട്ടുള്ളതിന് അരിയേഴ്സ് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, അതിന് പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടിവരും. കാരണം തൊഴിലുറപ്പ് പദ്ധതിയിൽ വേതനം നൽകുന്നത് കേന്ദ്ര സർക്കാരിന്റെ കമ്പ്യൂട്ടറൈസ്ഡ് എം.ഐ.എസ്. വഴിയാണ്. അതിൽ കൂടിശ്ശിക കൊടുക്കുന്നതിനുള്ള പ്രൊവിഷനില്ല. അത് സംബന്ധിച്ച് ചർച്ച നടത്തിവരികയാണ്. അതാണ് യാഥാർത്ഥ്യം. അത് നിശ്ചയമായിട്ടും കേരള സർക്കാർ ടേക്ക്അപ്പ് ചെയ്യുകയും അത് കൊടുക്കാനുള്ള പരിശോധന നടത്തുകയും ചെയ്യുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, രണ്ട് മന്ത്രിമാർ രണ്ട് ഉത്തരം പറയുന്നത് ശരിയാണോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കേന്ദ്ര ഗവൺമെന്റ് 150 രൂപയാക്കിയ ഓർഡറിൽ തന്നെ 1-1-2011 മുതൽ ഇതിന് പ്രാബല്യമുണ്ടായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആ സാഹചര്യത്തിൽ ഈ പണിയെടുക്കുന്നവർക്ക് ആ കുടിശ്ശിക കിട്ടാൻ അർഹതയില്ലേ ?

ഡോ. തോമസ് ഐസക് : അർഹതയുണ്ട്. അതിന് യാതൊരു സംശയവുമില്ല. പക്ഷേ ഈ ഉത്തരവ് ഇറക്കിയ കേന്ദ്ര സർക്കാരിന്റെ എം.ഐ.എസ്.-ൽ അതിനുള്ള പ്രൊവിഷനില്ല. കേന്ദ്ര ഗ്രാമ വികസന വകുപ്പ് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഉത്തരവ് ഇറക്കിയിട്ടുള്ളത്. പിന്നീട് അതിനുള്ള സംവിധാനമുണ്ടാക്കിയ ശേഷം ഇത് പരിഗണിക്കും.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ആരും എതിരല്ല. ജോലിയെടുത്തിട്ടുള്ള ആളുകൾക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള തീയതി മുതൽക്ക് ആനുകൂല്യം കൊടുക്കണമെന്നുള്ളത് കേരള ഗവൺമെന്റിന്റെ നിലപാടാണ്.

മത്സ്യത്തൊഴിലാളികൾക്കുള്ള ജീവൻ സുരക്ഷാ പദ്ധതി

3 (*183) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ബാബു പോൾ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിന് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര സുരക്ഷാ കിറ്റുകൾ ഈ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട് ;

(സി) ഈ സുരക്ഷാ കിറ്റുകളിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യം ലഭിക്കുമെന്ന് വിശദമാക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. കേരളത്തിലെ പുറംകടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ഔട്ട്ബോർഡ് മോട്ടോർ ഘടിപ്പിച്ച യാനങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതി, സുനാമി അടിയന്തര സഹായപദ്ധതി/പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധി എന്നിവ പ്രകാരം സുരക്ഷാകിറ്റ് വിതരണം ചെയ്യുന്ന പദ്ധതി.

2. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുന്ന കടൽസുരക്ഷാ പദ്ധതിയുടെ ഭാഗമായി അത്യാധുനിക സംവിധാനങ്ങളുള്ള അഞ്ച് റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി മൂന്ന് ബോട്ടുകൾ വാങ്ങി വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ ഫിഷറീസ് സ്റ്റേഷനുകളിൽ കടൽരക്ഷാ പ്രവർത്തനത്തിനുവേണ്ടി പ്രയോജനപ്പെടുത്തിവരുന്നു.

3. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഒമ്പതു തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് 50 മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ് അപ്പപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും മത്സ്യങ്ങൾ കൂടുതലുള്ള മേഖലയെക്കുറിച്ച് അറിവ് നൽകുന്നതിനും അപകടമുന്നറിയിപ്പ് നൽകുന്നതിനുമെല്ലാം ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയാണ് മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ നിർമ്മിക്കുന്നത്.

4. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കടൽരക്ഷാ പ്രവർത്തനത്തിന് ഒമ്പതു തീരദേശ ജില്ലകളിൽ കടൽസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ ട്രെയിനിംഗ് നൽകി കടൽരക്ഷാപ്രവർത്തനത്തിന് റെസ്ക്യൂ ഗാർഡുകളായി താൽക്കാലികമായി ജോലി നൽകിവരുന്നു. കടൽരക്ഷാ സ്ക്വാഡുകളുടെ ആവശ്യത്തിനായി,സുരക്ഷാ കിറ്റുകൾ, സെർച്ച് ലൈറ്റ്, ഫയർ എക്സ്റ്റിംഗ്യൂഷർ, ഇൻഫ്ളാറ്റിബിൾ ബോട്ട്സ് എന്നിവയും നൽകുന്നുണ്ട്.

5. തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി കടലോരവുമായി അടുത്തിടപഴകുന്ന മത്സ്യത്തൊഴിലാളികളുടേയും അവർക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ കടലോര ജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. തീരപ്രദേശങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ നിരീക്ഷിച്ച് സംശയകരമായ സംഗതികളെക്കുറിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ വിവരം നൽകേണ്ട ചുമതലയാണ് ജാഗ്രതാസമിതിക്കുള്ളത്..

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒമ്പതു തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് കടൽ സുരക്ഷ കിറ്റുകളുടെ വിതരണം ഏകദേശം അവസാനഘട്ടത്തിലാണ്. കെൽട്രോൺ വിതരണം ചെയ്ത ഇ.പി.ഐ.ആർ.ബി.യ്ക്ക് ചില സാങ്കേതിക തകരാറുകൾ വന്നതിനാൽ ഐ.എസ്.ആർ.ഒ.-യുടെ നിർദ്ദേശമനുസരിച്ച് നിലവിലുള്ള ആന്റിനയിലും ബാറ്ററിയിലും മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിച്ച് പ്രസ്തുത മാറ്റങ്ങൾ വരുത്തി എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

(സി) സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, ലൈഫ്ബോയ്, ഹീലിയോഗ്രാഫ്, സർവൈവൽ റേഷൻ, റഡാർ റിഫ്ളക്ടർ, കോംപസ്, എമർജൻസി ഫ്ളാഷ് ലൈറ്റ്, ജാക്ക് നൈഫ്, ഫസ്റ്റ് എയ്ഡ് കിറ്റ്, കന്നാസ് എന്നിവയാണ് സുരക്ഷാ കിറ്റിൽ ഉൾപ്പെടുത്തുന്നത്.

(ഡി) ഉണ്ട്. താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട് :

1	അപകടമരണം, മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ, മത്സ്യബന്ധനവേളയിൽ ഹൃദയാഘാതംമൂലം മരണം, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക്	2,00,000 രൂപ (രണ്ടു ലക്ഷം രൂപ)
2	അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക്	1,00,000 രൂപ (ഒരു ലക്ഷം രൂപ)
3	അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം	ഒരു കുട്ടിക്ക് 5,000 രൂപ മുതൽ പരമാവധി 10,000 രൂപ
4	ശവസംസ്ക്കാര ചടങ്ങിന് ധനസഹായം	പരമാവധി 2,000 രൂപ
5	അപകടംമൂലം അവയവങ്ങൾക്ക് ഭാഗികമായ നഷ്ടം സംഭവിക്കുമ്പോൾ	2,000 രൂപ മുതൽ പരമാവധി 50,000 രൂപ
6	അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ചികിത്സാധനസഹായം	പരമാവധി 20,000 രൂപ
7	മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് നൽകുന്ന പെൻഷൻ (വിധവാ പെൻഷൻ) പ്രതിമാസം	മറ്റ് പെൻഷൻകാർക്ക് പ്രഖ്യാപിക്കുന്ന നിരക്കിൽ

ശ്രീ. പി. തിലോത്തമൻ : സർ, മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. എന്നാലും പുറംകടലിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ ഫലപ്രദമായ സഹായമെത്തിക്കാൻ ഹെലിക്കോപ്റ്റർ സംവിധാനമുണ്ടെങ്കിലേ കഴിയുകയുള്ളൂ. പലപ്പോഴും ഇത്തരം സന്ദർഭങ്ങളിൽ നമ്മൾ നേവിയുടെ സഹായത്തെയാണ് അഭയം പ്രാപിക്കാറുള്ളത്. നേവിയുടെ നടപടിക്രമങ്ങൾ പാലിച്ച് ഹെലിക്കോപ്റ്റർ ഇവിടെ വരുമ്പോൾ കാര്യങ്ങളെല്ലാം കഴിഞ്ഞിരിക്കും. അതുകൊണ്ട് ഡിസാസ്റ്റർ മാനേജുമെന്റുമായി ബന്ധപ്പെട്ട് ഹെലിക്കോപ്റ്റർ വാങ്ങുന്നതിനെക്കുറിച്ച് പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ആ നടപടി എവിടെവരെയായി എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : സർ, പുറം കടലിൽവച്ച് അപകടമുണ്ടാകുമ്പോൾ രക്ഷാ പ്രവർത്തനങ്ങൾക്കുവേണ്ടി ഹെലിക്കോപ്റ്റർ വാങ്ങുന്നതിനുള്ള നടപടി സംബന്ധിച്ച് ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തിരുന്നു എങ്കിലും അതിനൊരു അന്തിമ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. ഹെലിക്കോപ്റ്റർ വാങ്ങുന്ന കാര്യത്തിൽ അതിവേഗം തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. ബാബു പോൾ : സർ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഈ ഗവൺമെന്റ് ഒട്ടേറെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പക്ഷേ അതെല്ലാം തന്നെ തീരദേശ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയിട്ടുള്ള പദ്ധതികളാണ്. എന്നാൽ ഇതുപോലെതന്നെ ഉൾനാട്ടിൽ തടാകങ്ങളിൽ നിന്നെല്ലാം മത്സ്യം പിടിക്കുന്ന ഒട്ടനവധി തൊഴിലാളികൾ ഇന്ന് നിലവിലുണ്ട്. അവരുടെ ജീവിത സുരക്ഷിതത്വത്തിനും ക്ഷേമത്തിനുംവേണ്ടി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു ഏകീകൃത നിയമംതന്നെ നമ്മുടെ നിയമസഭ ഈഅടുത്തകാലത്ത് പാസ്സാക്കുകയുണ്ടായി. തീരദേശമെന്നോ ഉൾനാടെന്നോ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള മുഴുവൻ തൊഴിലാളികൾക്കും ഈ മേഖലയിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് ഉറപ്പുവരുത്തിയിട്ടുണ്ട്.

ശ്രീ. കെ. അജിത് : സർ, വേമ്പനാട്ട് കായലിലെ കുളവാഴ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ ജീവനും യാനങ്ങൾക്കും വലിയ ഭീഷണിയുണ്ടാക്കുകയാണ്. കുളവാഴയുടെ ഭീഷണിമൂലം ചെറുതും വലുതുമായ കർഷകർക്ക് നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത് നീക്കം ചെയ്യുന്നതിനും ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും വേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി വേമ്പനാട്ട് കായലിന്റെ തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്കായി രൂപീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, വേമ്പനാട്ട് കായലിലെ കുളവാഴ നീക്കം ചെയ്യുന്നതിനും വാല്യൂ ആഡഡ് പ്രോഡക്ടായും വളങ്ങളായും ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി സമഗ്ര കുട്ടനാട് പാക്കേജ് പദ്ധതിയിൽ 22 കോടി രൂപ പ്രത്യേകമായി നീക്കിവയ്ക്കുകയും അതിനുള്ള ടെൻഡർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. താമസിയാതെ തന്നെ അത് പ്രവൃത്തി പഥത്തിലേക്ക് വരുന്നതാണ്.

ശ്രീ. എ. എ. ഷുക്കൂർ : സർ, സുരക്ഷാ കിറ്റുകൾ വിതരണം ചെയ്യുന്നതിന്റെ അവസാന ഘട്ടത്തിലേക്ക് കടക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്ത് 200 - സുരക്ഷാ കിറ്റുകൾ ആദ്യം വിതരണം ചെയ്തതിൽ കെൽട്രോണിന്റെ ഉപകരണമായ ബീക്കൺ എന്ന് പറയുന്ന ഉപകരണവും ലൈഫ്ബോയും ഇല്ലായിരുന്നു. ഈ കിറ്റുകൾ തിരികെ വാങ്ങിയിട്ട് ഇതുവരെ ആർക്കും തന്നെ പകരം സുരക്ഷാ കിറ്റുകൾ കൊടുത്തിട്ടില്ല. അതുപോലെ പുതുതായി കൊടുക്കേണ്ടവർക്കും ഇത് കൊടുത്തിട്ടില്ല. ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : സർ, ഐ.എസ്.ആർ.ഒ. നിർദ്ദേശിച്ച ഗൈഡ്ലൈനിന് വിധേയമായിട്ടാണ് ബീക്കൺ ആദ്യം നിർമ്മിച്ച് വിതരണം ചെയ്തത്. പക്ഷേ അതിലൊരെണ്ണം ഒരു തൊഴിലാളിയുടെ വീട്ടിലിരുന്ന് പൊട്ടിക്കഴിഞ്ഞപ്പോൾ പിന്നെ അതിന്റെ സാങ്കേതികത്വത്തെക്കുറിച്ച് നമ്മൾ മാത്രം നിശ്ചയിച്ചാൽ പോരെന്ന് മനസ്സിലാവുകയും വീണ്ടും ഐ.എസ്.ആർ.ഒ.യുമായി ചർച്ച ചെയ്തു കഴിഞ്ഞപ്പോൾ അതിന്റെ ബാറ്ററിയിൽ മാറ്റങ്ങൾ വരുത്തണമെന്ന് അവർ നിർദ്ദേശിക്കുകയും ചെയ്തു. പക്ഷേ അത് ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. ജർമ്മനിയിൽനിന്നും വരുത്തുന്നതിന് ഓർഡർ കൊടുത്തിട്ടുണ്ട്. ആ ഓർഡർ അനുസരിച്ച് അടുത്ത മാസത്തോടുകൂടി ലഭിക്കുകയും അസംബിൾ ചെയ്ത് എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

രാജീവ് ഗാന്ധി ആവാസ് യോജന

4 (*184) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളെ ചേരിവിമുക്തമാക്കാൻ രാജീവ് ഗാന്ധി ആവാസ് യോജന എന്നൊരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനവുമായി ചർച്ചകളെന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) ദേശീയതലത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിയിൽ നിന്നുള്ള പരമാവധി സഹായം സംസ്ഥാനത്തിനുലഭിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് എത്ര ചേരി പ്രദേശങ്ങളാണ് ഉള്ളതെന്നും, ചേരികൾ പൂർണ്ണമായി വിമുക്തമാക്കാൻ എത്ര വീടുകൾ നിർമ്മിക്കേണ്ടിവരും എന്ന് വ്യക്തമാക്കാമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) ഉണ്ട്.

(ബി) രാജീവ്ഗാന്ധി ആവാസ് യോജന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ കോർപ്പറേഷനുകളെ ഉൾപ്പെടുത്തി 'ചേരി രഹിത നഗര പ്ലാൻ' തയ്യാറാക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly